അസിസ്റ്റന്റ് കമ്മീഷണർ കൺട്രോൾറൂമിനും അസിസ്റ്റന്റ് കമ്മീഷണർ കന്റോൺമെന്റിനും അന്വേഷണത്തിനായി നൽകിയിട്ടുള്ളതും ആയത് പ്രകാരം അന്വേഷണം നടത്തിയിട്ടുള്ളതുമാണ്.

(സി) ഇല്ല.

(ഡി) മേൽ പരാതികളിന്മേൽ അന്വേഷണം നടത്തിയതിൽ പരാതിക്കാരനെ എതിർ കക്ഷിയായ മണ്ണന്തല പോലീസ് സബ് ഇൻസ്പെക്ടർ അസഭ്യം പറയുകയോ, കയ്യേറ്റം ചെയ്യുകയോ, ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ തടസം ചെയ്യുകയോ ചെയ്തിട്ടില്ല എന്നും മറ്റ് നേരിട്ടെടുക്കാവുന്ന കുറ്റങ്ങൾ ടിയാന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്നും വെളിവായിട്ടുള്ളതിനാൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടില്ല.

(ഇ) സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ അന്വേഷണം നടത്തി അനന്തര നടപടികൾ സ്വീകരിക്കുന്നതിന് തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകുകയും തിരുവനന്തപുരം സിറ്റി പോലീസ് കൺട്രോൾ റൂം പോലീസ് അസിസ്റ്റന്റ് കമ്മീഷണർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുമുണ്ട്.

## കോഴിക്കോട് എയർപോർട്ടിലെ വെടിവയ്പ്

145(5734) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് എയർപോർട്ട് വെടിവെയ്പുമായി ബന്ധപ്പെട്ട പൊതുമുതൽ നശിപ്പിച്ച കേസിൽ പ്രതികൾക്ക് ജാമ്യം ലഭിക്കുന്നതിന് പണം കെട്ടിവെച്ചിട്ടുണ്ടോ ;

(ബി) ജാമ്യ അപേക്ഷ പരിഗണിക്കുമ്പോൾ എന്ത് നിലപാടാണ് സ്വീകരിച്ചത് ?

ഉത്തരം

(എ) പണം കെട്ടിവച്ചിട്ടില്ല. പണം കെട്ടിവെയ്ക്കണമെന്നുള്ള ഉപാധി ബഹു. കേരള ഹൈക്കോടതി സ്റ്റേ ചെയ്തു.

(ബി) ജാമ്യം നിരസിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹു. കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

## കമ്മ്യൂണിറ്റി സേഫ്റ്റി സ്യൂട്ട്

146(5735) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്മ്യൂണിറ്റി സേഫ്റ്റി സ്യൂട്ട് രൂപീകരിച്ചിട്ടുണ്ടോ ;



LIBRARY ARCHIVES Kerala Legislative Assembly